**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** — **12-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപടി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപടി വിതരണത്തിൽ നിന്ന് സപ്ലൈകോയെ ഒഴിവാക്കി പൊതുവിതരണവകുപ്പിനെ ചുമതലയേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ സെക്ഷൻ 24 (2)(a) പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐയിൽ നിന്നും വിട്ടെടുത്ത് റേഷൻകടകളിൽ വാതിൽപ്പടി വിതരണം നടത്തുന്നതിനായി സംസ്ഥാന സർക്കാർ നോഡൽ എജൻസിയായി സപ്ലൈകോയെ നിയമിച്ചിട്ടുണ്ട്. സപ്ലൈകോ നിലവിൽ 216 ഗോഡൗണുകൾ മുഖാന്തിരമാണ വാതിൽപ്പടി വിതരണം നടത്തിവരുന്നത്. സപ്ലൈകോയിൽ നിന്നും വാതിൽപ്പടി വിതരണചുമതല പൊതുവിതരണ വകുപ്പ് എറ്റെടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളു വികസനം അത്യന്താപേക്ഷിതമാണ്. ആയതിന്റെ ഭാഗമായി എല്ലാ താലൂക്കിലും എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാൻ തീരുമാനിക്കുകയും പി.ഡബ്ല്യൂ.ഡ ആർക്കിടെക്ച്ചറൽ വിംഗിന്റെ സഹായത്തോടെ, എൻ.എഫ്.എസ്.എ ഗോഡൗണിന്റെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക്, പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് എന്നിവിടങ്ങളിൽ വസ്തു കണ്ടെത്തുകയും പി.ഡബ്ല്യൂ.ഡിയുടെ സഹായത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. 2022-23 സാമ്പത്തിക വർഷം പൊതുവിതരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഗോഡൗൺ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള 16.57 കോടി രൂപ വിനിയോഗിച്ച് കൊണ്ടാണ് മേൽ സൂചിപ്പിച്ച മൂന്ന് സ്ഥലങ്ങളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനും ദേവികുളം താലൂക്കിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് സ്വന്തമായിട്ടുള്ള 49 സെന്റ് സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നത്.<br><br>മേൽപ്പറഞ്ഞവ കൂടാതെ 15 താലൂക്കുകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിനും ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ വിവിധ തലങ്ങളിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ